**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1473** **28-07-2021 - ൽ മറുപടിയ്ക്ക്**

**തിരോധാനത്തെക്കുറിച്ച് അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ വെങ്കിടങ്ങ്, കണ്ണോത്ത് പി.ഒ. യിൽ തത്തമത്ത് വീട്ടിൽ ശങ്കരു മകൻ വിനോദ് എന്നയാളെ 23.12.2020 മുതൽ എറണാകുളം ജില്ലയിലെ കൊടകര പോലീസ് സ്റ്റേഷൻ പരിധിയിലെ കാലടി മാറ്റൂർ എന്ന സ്ഥലത്തുനിന്നും കാണാതായത് സംബന്ധിച്ച് പരാതി അന്വേഷിക്കുന്നതിന് അസി. കമ്മീഷണർ ഓഫ് പോലീസ് ഡി.സി.ആർ.ബി, കൊച്ചിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | ചുമതലപ്പെടുത്തിയിട്ടില്ല. |
| (ബി) | പ്രസ്തുത പരാതിയിന്മേൽ സ്വീകരിച്ച തുടർ നടപടികളും അന്വേഷണ പുരോഗതിയും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ ? | (ബി) | കാണാതായ ശ്രീ. വിനോദിന്റെ പിതാവിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ പാവറട്ടി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1216/20 U/s 57 of KP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. ടിയാന്റെ ബൈക്കും വസ്ത്രങ്ങളും രേഖകൾ അടങ്ങിയ ബാഗും കൊടകര പോലീസ് സ്റ്റേഷൻ പരിധിയിലെ പേരാമ്പ്ര എന്ന സ്ഥലത്ത് ആളില്ലാതെ കാണപ്പെട്ട കാര്യത്തിന് കൊടകര പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1612/2020 U/s 102 CrPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരവേ 04.01.2021 ൽ വാടാനപ്പള്ളി പോലീസ് സ്റ്റേഷൻ പരിധിയിൽ വാടാനപ്പള്ളി പുതുകുളം എന്ന സ്ഥലത്ത് തിരിച്ചറിയാൻ പ്രയാസമുള്ളവിധം ഒരു പുരുഷന്റെ മൃതദേഹം കാണപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വാടാനപ്പള്ളി പോലീസ് സ്റ്റേഷൻ ക്രൈം. നം 15/2021 U/s 174 CrPC ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചതിൽ മൃതദേഹം കാണാതായ വിനോദിന്റേതാണോ എന്നതിൽ വ്യക്തത വരുത്തുന്നതിനായി ടിയാന്റെ മാതാപിതാക്കളുടെ DNA സാമ്പിളുകൾ പരിശോധനയ്ക്കായി നൽകിയിട്ടുള്ളതും റിസൾട്ട് വരുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ